

“കാടിനീ കാടത്തമെന്തേ.....”  before ITFA

“കാടിനീ വശ്യത്വമെന്തേ......”  after ITFA

ഒരു തണുത്ത കൊച്ചുവെളുപ്പാൻ കാലത്ത് മൂന്നുവയസ്സുകാരിയായ മോളെ prep school ൽ നിന്നും one day tour നു വിടാനായി ഞാൻ കൊണ്ടുപോയി. വരിവരിയായി നിർത്തിയ ഒരുകൂട്ടം മാലാഖകുട്ടികൾ രക്ഷിതാക്കളെ കുഞ്ഞികൈവീശിക്കാട്ടി ചിരിച്ചു സന്തോഷത്തോടെ ഒരു കൊച്ചു മഞ്ഞ school van ൽ കയറി യാത്രയായി. അവരെ അടുത്തുള്ള മൃഗശാലയിലേക്കാണത്രേ കൊണ്ടുപോവുന്നത്. പെട്ടന്നാണ് ആ വലിയ സത്യം എന്റെ മനസ്സിൽ വെളിപ്പെട്ടത് – ഞാനിതേവരെ ഒരു മൃഗശാല കണ്ടിട്ടില്ലല്ലോ- എന്ന സത്യം. നാട്ടുമ്പുറത്തെ school കളിൽ വിനോദയാത്രകൾ ഉണ്ടായിരുന്നില്ല. പിന്നിടു പട്ടണങ്ങളിൽ പഠിക്കാനായെങ്കിലും മൃഗശാല സന്ദർശനങ്ങളൊന്നും തന്നെ വിദ്യാഭ്യാസ വിനോദസഞ്ചാരങ്ങളിൽ ഉൾപ്പെട്ടിരുന്നുമില്ല. അതൊക്കെക്കൊണ്ടാവാം മോളുടെ വാതോരാതെയുള്ള വിശദീകരണങ്ങളും വിവരങ്ങളുമെല്ലാം വളരെ കൗതുകമേകിയത്.

Delhi യിലെ private school ൽ പഠിക്കുന്ന ഒരു കുട്ടി പത്താം class ആവുമ്പോഴേക്കും രാജ്യത്തെ ഒരുവിധം സ്ഥലങ്ങളും കാഴ്ചകളുമെല്ലാം school വഴി തന്നെ കണ്ടിരിക്കും. അത് പഠനത്തിന്റെ ഭാഗമാണെന്നാണ് വയ്പ്. അതുകൊണ്ട് പിന്നീടുള്ള കാലങ്ങളിലും മൃഗശാല സന്ദർശനം എനിക്കു തരപ്പെട്ടില്ലെന്നു മാത്രമല്ല, അത് മറവികൾക്കുള്ളിലുമായി.....

ജീവിതം അങ്ങനെ തിരക്കോടെ മുന്നേറിക്കൊണ്ടിരുന്നപ്പോഴാണ് ദാ നമ്മുടെ ITFA 2018 ആശയപ്പെട്ടത്. സത്യത്തിൽ ചരിത്ര-ഭൂമിശാസ്ത്ര കാര്യങ്ങളിൽ വലിയ

താത്പര്യം ഇല്ലാത്ത ഞാൻ ITFA Program details വലുതായി പഠിച്ചില്ല. കാണാനല്ലേ പോവുന്നത്...കണ്ടുതന്നെ അറിയാം....എന്ന മനോഭാവത്തിൽ program chart & നിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാം pack ചെയ്തു ready ആയി. കൂട്ടുകാരുമായി ഒത്തൊരുമിക്കുക എന്നതായിരുന്നു മുഖ്യമായ ആഹ്ളാദചിന്ത.

ഒരാഴ്ചത്തെ സൗഹൃദ പ്രകടനങ്ങൾക്കും, വാതോരാതെയുള്ള സംസാരങ്ങൾക്കും, രുചിയേറിയ ഭക്ഷണങ്ങൾക്കും, സുഖകരമായ താമസങ്ങൾക്കും, നിരന്തരമെങ്കിലും രസകരമായ യാത്രകൾക്കുമെല്ലാം ഉപരിയായി ITFA ഏറ്റവും മനോഹരവും അർത്ഥവർത്തായും അനുഭവപ്പെട്ടത് ആദ്യത്തെ സീബ്രയെ തൊട്ടടുത്ത് നേരിൽ കണ്ടപ്പോഴാണ്. MASAI MARA യിലേക്കുള്ള യാത്രയിലെ ഇടത്താവളത്തിൽ ദാ നില്ക്കുന്നു നേരെ മുമ്പിൽ ഒരു സുന്ദരൻ സീബ്ര ☺ .....അതിനുശേഷം ഒരു വലിയ മൃഗശാല യാണ് എന്റെ മുമ്പിൽ തുറക്കപ്പെട്ടത്!!!

കൂട്ടം കൂട്ടമായി - സീബ്രകൾ, ആനകൾ, ജിറാഫുകൾ, കാട്ടുപോത്തുകൾ; പലതരം - മാനുകൾ, വാനരന്മാർ, കഴുകന്മാർ,പക്ഷികൾ; relaxing leopards, hunting cheetah, കുഞ്ഞുങ്ങളെ പൊന്നുപോലെ സംരക്ഷിച്ച് മൃഗാധിരാജനും കുടുംബംവും, കരയിലും വെള്ളത്തിലുമായി ഹിപ്പോക്കൂട്ടങ്ങൾ.....എന്നിങ്ങനെ കേട്ടതും കേൾക്കാത്തതുമായ ഒരുപാട് ദിവ്യസൃഷ്ടികൾ.....ഓരോന്നിനം അതിന്റേതായ വിശേഷണങ്ങളും ഭംഗിയും !!

കാടിനെ കാടെന്നും മൃഗങ്ങളെ മൃഗങ്ങളെന്നും ആരു പേരിട്ടു???.

ഒരു പഴയ കവിത "കാടിനീ കാടത്തമെന്തേ......' എന്നത് ITFA ക്കു ശേഷം modify ചെയ്ത് "കാടിനീ വശ്യതമെന്തേ...." എന്നാക്കിമാറ്റി നിരന്തരം എന്റെ മനസ്സിൽ തത്തിക്കളിച്ചുകൊണ്ടിരിക്കുന്നു.. Kenyan safari changed my perception towards both വനങ്ങൾ & മൃഗങ്ങൾ. **എത്ര മനോഹരമാണിവ!!!**

ജയശ്രീ